പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2277 — 5.12.2018 ൽ മറുപടിയ്ക്ക്

## അംഗപരിമിതരുടെ അവകാശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സ്ഥാപനങ്ങൾ, സർവ്വകലാശാല പോലെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ അംഗപരിമിതർക്കായി എന്തെല്ലാം അവകാശങ്ങളാണ് നിലവിലുള്ളത്; വിശദീകരിക്കുമോ; | (എ) The Rights of Persons with Disabilities Act, 2016 പ്രകാരം സർക്കാർ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലുമുൾപ്പെടെയുള്ള സ്വയംഭരണ സ്ഥാപനങ്ങളിലും അംഗപരിമിതർക്ക് അർഹമായ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ആക്ട് സെക്ഷൻ 23 പ്രകാരം എല്ലാ ഗവ.എസ്റ്റാബ്ലിഷ്മെന്റുകളിലും ഭിന്നശേഷിക്കാരെ കേൾക്കുന്നതിനായി ഗ്രീവൻസ് റിഡ്രസ്സൽ ഓഫീസറുടെ സേവനം ലഭ്യമായിരിക്കേണ്ടതാണ്.<br>2. ആക്ട് സെക്ഷൻ 32 പ്രകാരം ഉന്നത വിദ്യാഭ്യാസത്തിന് 5% ൽ കുറയാത്ത സംവരണത്തിന് അംഗപരിമിതർ അർഹരാണ്.<br>3. ആക്ട് സെക്ഷൻ 34 പ്രകാരം എല്ലാ ഗവ.എസ്റ്റാബ്ലിഷ്മെന്റുകളിലും ആകെ കേഡർ സ്ട്രെങ്ങ്തിന്റെ 4% ൽ കുറയാത്ത സംവരണം അംഗപരിമിതർക്കുള്ളതാണ്.<br>കൂടാതെ ആക്ടിൽ വ്യവസ്ഥ ചെയ്യുന്ന എല്ലാ അവകാശങ്ങൾക്കും അംഗപരിമിതർ അർഹരാണ്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അംഗപരിമിതർക്ക് നടപ്പിലാക്കി വരുന്ന ജോലി സംവരണത്തെക്കുറിച്ച് വിശദമാക്കാമോ; | (ബി) Persons with Disabilities Act(Equal Opportunities Protection of Rights and Full Participation) 1995 പ്രകാരം നിലവിൽ സർക്കാർ സർവ്വീസിൽ അംഗപരിമിതർക്ക് 3% സംവരണം നൽകി വരുന്നു. The Rights of Persons with Disabilities Act, 2016 പ്രകാരം എല്ലാ ഗവ.എസ്റ്റാബ്ലിഷ്മെന്റുകളിലും 4% ൽ കുറയാത്ത തൊഴിൽ സംവരണത്തിന് അംഗപരിമിതർക്ക് അർഹതയുണ്ട്. ആയത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) സർക്കാർ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ ട്രാൻസ്ഫർ സംബന്ധിച്ച് അംഗപരിമിതർക്ക് പ്രത്യേകമായി വ്യവസ്ഥകൾ ഉണ്ടോ; വിശദമാക്കാമോ? | (സി) 25.2.2017 ലെ സ.ഉ(പി) നം.3/2017/ ഉ.ഭ.പ.വ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 11 ൽ പ്രത്യേക മുൻഗണന (പ്രഥമ ഗണനീയമോ/ പരിരക്ഷിക്കപ്പെട്ടവരോ) ആയ വിഭാഗങ്ങൾ അനുബന്ധ പ്രകാരം നിശ്ചയിച്ച് കൊണ്ടും പ്രസ്തുത വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി 5 വർഷമായി നിജപ്പെടുത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. പ്രത്യേക മുൻഗണനാ വിഭാഗങ്ങളുടെ ലിസ്റ്റിൽ അംഗപരിമിതരായ ജീവനക്കാരെ മൂന്നാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക മുൻഗണന അർഹിക്കുന്ന വിഭാഗങ്ങളിൽ 60% നു മേൽ ഡിസെബിലിറ്റി ഉള്ളവർക്ക് 5 വർഷത്തേയ്ക്ക് പൊതു സ്ഥലംമാറ്റത്തിൽ സംരക്ഷണം നൽകുന്നതോടൊപ്പം കാലാവധി അവസാനിക്കുമ്പോൾ 60% മേൽ ഡിസെബിലിറ്റി ഉള്ളവർ അവകാശ വാദം ഉന്നയിച്ചാൽ മാത്രം സ്ഥലംമാറ്റം നടത്തിയാൽ മതിയാകും എന്നു കൂടി ചേർത്തു കൊണ്ട് 29.8.2017 ലെ സ.ഉ(എം.എസ്) നം18/2017/ഉ.ഭ.പ.വ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>സ്വയംഭരണ സ്ഥാപനങ്ങളിലെ ട്രാൻസ്ഫർ വ്യവസ്ഥകൾ അതാത് വകുപ്പുകളിൽ നിന്നാണ് പുറപ്പെടുവിക്കുന്നത് |

Geetha

സെക്ഷൻ ഓഫീസർ